

# വികാരിയിൽ നിന്ന് ...

31-05-2019

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ പ്രിയരെ

ബഹ്റിൻ സെൻറ് പോൾസ് ഇടവകയുടെ വികാരിയായി ചുമതലയേറ്റശേഷം ആദ്യമായി നിങ്ങളോട് സംവേദിക്കുവാൻ ദൈവം തന്ന കൃപയെ ഓർത്ത് സർവ്വശക്തനു നന്ദി കരേറ്റുന്നു. കഴിഞ്ഞ മൂന്ന് വർഷം ഇടവകയുടെ വികാരിയായി അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷകൾ നിർവഹിച്ച പ്രീയപ്പെട്ട ജോർജ് യോഹന്നാൻ അച്ചനെ കുടുംബമായി ദൈവസന്നിധിയിൽ നമുക്ക് ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

ഒറ്റയടിപ്പാത എന്ന പുസ്തകത്തിൽ ശോഭാ സി.എസ്.എൻ ഇപ്രകാരം പറയുന്നു "ജീവിതത്തിലെ ഓരോ അനുഭവത്തിനും എന്തൊക്കെയോ എന്നോട് പറയാനുണ്ട്, ഒരു വാചകത്തിലെ കുത്തും, കോമയും, ആശ്ചര്യ ചിഹ്നവുമൊക്കെ ഓരോ പ്രത്യേക അർത്ഥങ്ങൾ ഉൾക്കൊള്ളുന്നതുപോലെ ഒന്നും ഒഴിവാക്കാൻ പാടില്ല. എന്നാൽ സന്തോഷം തരുന്ന ഘടകങ്ങളൊഴികെ മറ്റെല്ലാം ജീവിതത്തിൽ നിന്ന് അകറ്റിനിർത്തേണ്ടതാണെന്നും ഈ സങ്കടങ്ങളൊന്നും ഞാനർഹിക്കുന്നതല്ല എന്നുമാണു നമ്മൾ വിചാരിക്കുന്നത്". ഈ വാക്കുകൾ എന്നെ സംബന്ധിച്ച് പ്രസക്തമാണെന്ന് ഞാൻ തിരിച്ചറിയുന്നു. ഇവിടെ വന്നതിനു ശേഷം എനിക്ക് ഭവിച്ച ശാരീരികപ്രയാസങ്ങൾ, എൻെറ ആത്മീയ ജീവിതത്തെക്കുറിച്ച് ഒരു പുനർവിചിന്തനത്തിനു മുഖാന്തിരമായി തീർന്നിട്ടുണ്ട് എന്നുള്ളതിൽ സംശയമില്ല. എൻെറ പ്രയാസത്തിൽ എനിക്കുവേണ്ടി പ്രാർത്ഥിച്ചവരോടും എന്നോടൊപ്പം നിന്ന ഏവരോടുമുള്ള നന്ദിയും എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. ലഭിച്ച കരുതലിനും കൂട്ടായ്മയ്ക്കും സ്നേഹത്തിനും കടപ്പാടുകൾ ഏറെയുണ്ട്. നമ്മുടെ ഇടവകയിലെ ഇനിയുമുള്ള ശുശ്രൂഷകൾ ധന്യമായിത്തീരുന്നതിനു നിങ്ങൾ ഏവരും ആത്മാർത്ഥമായി പ്രാർത്ഥിക്കണം.

ആത്മീയത എന്നു പറയുന്നത് ജീവിതത്തെ അതേപടി സ്വീകരിക്കാനും സ്നേഹിക്കാനും ഒരാളെ ബലപ്പെടുത്തേണ്ട ഘടകമാണ്. ജീവിതത്തിലെ പ്രതിസന്ധികൾക്കും, വേദനകൾക്കും ആത്മീയ ജീവിതത്തിൽ സ്ഥാനമുണ്ട്. നമ്മുടെ ഇടവകയുടെ എല്ലാ പോഷക സംഘടനകളും ആത്മീയമായി ശക്തിപ്പെടേണ്ടതിനു എല്ലാ ഇടവകാംഗങ്ങളും എന്നോടു സഹകരിക്കുകയും പ്രവർത്തിക്കുകയും വേണം.

ജൂൺ മാസം ആദ്യത്തെ ആഴ്ച 'ദൈവീക ജ്ഞാനത്തിൽ വളരുക' എന്നതാണ് നാം ചിന്തിക്കുന്നത്. അറിവ് സായത്തമാക്കാനുള്ള ഓട്ടത്തിനിടയിൽ ബന്ധങ്ങൾക്ക് വിലയില്ലാതെ പോകുന്നു. മനുഷ്യരാശിയുടെ ഭാവിപ്രതീക്ഷ, പുതിയ കണ്ടുപിടുത്തങ്ങളിലല്ല, പ്രത്യുത മെച്ചപ്പെട്ട മനുഷ്യ ബന്ധങ്ങളിലാണ്. എന്തെങ്കിലും നേട്ടമുണ്ടെങ്കിലെ നാം ബന്ധങ്ങൾ സ്ഥാപിക്കാറുള്ളു. ബന്ധങ്ങൾക്ക് മൂല്യം കൽപ്പിക്കുന്ന ഒരു സമൂഹം വാർത്തെടുക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

രണ്ടാം ആഴ്ച സഭയായി നാം ചിന്തിക്കുന്നത് "പരിശുദ്ധാത്മാവേ വരിക സൃഷ്ടിയെ രൂപാന്തരപ്പെടുത്തുക' എന്ന വിഷയമാണ്. പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും, നീതിയേക്കുറിച്ചും നമ്മേ ബോദ്ധ്യപ്പെടുത്തുന്ന ആത്മാവാണ്. ദൈവമില്ലാത്ത ഇടങ്ങളെ ച്ചൊല്ലിയൊരു ഉൾവ്യഥ നമ്മിലുണരാത്ത പക്ഷം നാം ക്രിസ്തുവിൽ നിന്നും അകലെയാണ് എന്നത് നഗ്നമായ സത്യമാണ്. ദൈവമേ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ദൈവമില്ലാത്ത ഇടങ്ങളെക്കുറിച്ചൊരു തിരിച്ചറിവ് നൽകാൻ എന്നെ സഹായിക്കണമേ എന്ന് പ്രാർത്ഥിക്കാം.

മൂന്നാം ആഴ്ച നാം ചിന്തിക്കുന്നത് ശ്ലീഹന്മാരുടെ വിളിയും നിയോഗവും എന്നുള്ളതാണ്. മറ്റുള്ളവരേക്കുറിച്ചുള്ള വേദനകളും, നൊമ്പരങ്ങളുമാണ് നിയോഗമായി രൂപപ്പെടുന്നത്. പുരുഷാരത്തെ ചിന്നിയവരും, ചിതറിയവരുമായി കണ്ടപ്പോൾ കർത്താവിനു മനസ്സലിവുണ്ടായി എന്ന് സുവിശേഷത്തിൽ വായിക്കുന്നു. വേദനകളും നൊമ്പരങ്ങളും ഉള്ളിൽപേറി നിയോഗത്തിൻെറ വഴികൾ തിരിച്ചറിയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നാലാം ആഴ്ച 'അപ്പോസ്തോലിക സഭ' എന്നതും അഞ്ചാം ആഴ്ച 'ദൈവജനം ക്രിസ്തുവിൻെറ ആട്ടിൻ കൂട്ടം' എന്നതുമാണ് ചിന്താവിഷയം. ആടുകളെ തിരിച്ചറിയുന്ന നല്ല ഇടയനിലേക്ക് നമ്മുടെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കാം.

നമുക്ക് ലഭിക്കുന്ന ഓരോ അവസരങ്ങളും ദൈവീകമായ നിയോഗങ്ങളാണ്. ആ നിയോഗങ്ങളെ തിരിച്ചറിയുവാനും പ്രതികരിക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ. "I will do my best for the Lord" എന്നതാണ് നമ്മുടെ മുദ്രാവാക്യമെങ്കിൽ ദൈവം തമ്പുരാൻ അത്ഭുതങ്ങൾ നമ്മളിലും നിർവ്വഹിക്കും. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

സ്നേഹത്തോടെ സാമച്ചൻ.

ഫോൺ. 39732763,17250630
samgeorge3543@gmail.com